File No.LSGD-IA1/361/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-കുടുംബശ്രീ-ജീവനക്കാര്യം-ശ്രീമതി.കെ.വിജയം (അസിസ്റ്റന്റ് സെറിക്കൾച്ചർ ഓഫീസർ, പോവർട്ടി അലീവിയേഷൻ യൂണിറ്റ്, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറുടെ കാര്യാലയം, എറണാകുളം)-ന്റെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.116/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 18/01/2021

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന.നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി) നം.580/2013/ധന

3 08.12.2016-ലെ സ.ഉ(സാധാ) നം.3355/2016/തസ്വഭവ

4 31.01.2018-ലെ സ.ഉ(സാധാ) നം.292/2018/തസ്വഭവ

5 28.07.2019-ലെ സ.ഉ(സാധാ) നം.1616/2019/തസ്വഭവ

6 04.03.2020-ലെ സ.ഉ(സാധാ) നം.544/2020/തസ്വഭവ

7 കുടുംബശ്രീ ഡയറക്ടറുടെ 01.12.2020-ലെ 11494/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

എറണാകുളം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറുടെ കാര്യാലയത്തിലെ പോവർട്ടി അലീവിയേഷൻ യൂണിറ്റ് അസിസ്റ്റന്റ് സെറിക്കൾച്ചർ ഓഫീസർ ആയ ശ്രീമതി. കെ.വിജയത്തെ പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിക്കുകയും പരാമർശം (4), (5), (6) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവനകാലം 18.12.2020-ന് അവസാനിക്കുന്നതായും 19.12.2020 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവനകാലം ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (7)-ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. കെ.വിജയം (അസിസ്റ്റന്റ് സെറിക്കൾച്ചർ ഓഫീസർ, പോവർട്ടി അലീവിയേഷൻ യൂണിറ്റ്, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറുടെ കാര്യാലയം, എറണാകുളം) -ത്തിന്റെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 19.12.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി. കെ.വിജയം(ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) , കേരള

തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ